# നീര ടെക്നീഷ്യൻ പരിശീലനത്തിന് തുടക്കം

കൊച്ചി ● നീര ഉൽപാദനത്തിനായി നാളികേര ബോർഡ് ഒരു ലക്ഷത്തോളം നീര ടെക്നീഷ്യൻമാരെ പരിശീലിപ്പിച്ചു പുറത്തിറക്കും. ബോർഡിന്റെ ആലുവയിലെ ടെക്നോളജി ഡവലപ്മെന്റ് സെന്ററിൽ 20 പേരടങ്ങുന്ന ആദ്യബാച്ചിന്റെ പരിശീലനം സിഐടി മേധാവിയും നാളികേര ബോർഡ് പ്രോസസിങ് എൻജിനീയറുമായ ശ്രീകുമാർ പൊതുവാൾ ഉദ്ഘാടനം ചെയ്തു. തൃശൂർ, ആലപ്പുഴ, കോഴിക്കോട്, കൊല്ലം ജില്ലകളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട ചെത്തുതൊഴിലാളികളാണ് പരിശീലനത്തിൽ പങ്കെടുക്കുന്നത്.

കളമശേരി എസ്സി എംഎസ് സ്ഥാപനത്തിലും ഇതേ പരിശീലനം നടത്തുന്നതാണ്. ആദ്യഘട്ടമായി 1400 നീര ടെക്നീഷ്യൻമാർക്കാണ് ഒരാഴ്ച താമസിച്ചുള്ള പരിശീലനം നൽകുന്നത്. പരിശീലനാർഥിക്ക് പ്രതിദിനം 200 രൂപ ബത്തയായി ലഭിക്കും. ആദ്യഘട്ടത്തിൽ പരമ്പരാഗത ചെത്തു തൊഴിലാളികൾക്കാണ് മുൻഗണന. വിവരങ്ങൾക്ക്: 0484 2679680, 9496822939, 9995305704.